# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 312 — 12-12-2018-ൽ മറുപടിക്ക്

## ഐ.ടി. മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ<br>,, സി. ദിവാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | ഇന്ത്യയിൽ ഐ.ടി. രംഗത്ത് ഏറ്റവും നേട്ടമുണ്ടാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി നിലവിൽ നടപ്പിലാക്കിയിരിക്കുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളും അതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്ന നടപടികളും സംബന്ധിച്ച് വിശദമാക്കുമോ; | എ) | ഇന്ത്യയിൽ ഐ.ടി രംഗത്ത് നേട്ടമുണ്ടാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും, ഐ.ടി മേഖലയിലുള്ള ദേശീയ-അന്തർദേശീയ, ചെറുതും, വലുതും, ഇടത്തരവുമായ ഐ.ടി സംരംഭങ്ങളെ ആകർഷിക്കുന്നതിനുമായി സർക്കാരിന്റെ ഐ.ടി പോളിസിയിൽ നിരവധി പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഐ.ടി പാർക്കുകളുമായി ബന്ധപ്പെട്ട് കൂടുതൽ പശ്ചാത്തല സൗകര്യവികസനങ്ങളും നിലവിലുള്ള സൗകര്യങ്ങളുടെ വിപുലീകരണവും നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി നാളിതുവരെ ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ (ടെക്നോപാർക്ക് 97 ലക്ഷം ച.അടി ഇൻഫോപാർക്ക് 75 ലക്ഷം ച.അടി സൈബർപാർക്ക് 3 ലക്ഷം ച.അടി) ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. 86.33 ലക്ഷം |

| | | | |
|---|---|---|---|
| | | | ച.അടി (ടെക്നോപാർക്ക് 62 ലക്ഷം ച.അടി, ഇൻഫോപാർക്ക് 23.83 ലക്ഷം ച.അടി സൈബർപാർക്ക് 50000 ച.അടി) അധിക സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പാർക്കുകളുടെ വിവിധ പദ്ധതികളിലായി അധികമായി സജ്ജീകരിക്കാൻ കഴിയുന്നതാണ്.<br>സംസ്ഥാനത്ത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും, കാര്യക്ഷമവും ആക്കുന്നതിനും ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കെ-ഫോൺ.<br>ഐ.ടി വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി യുവതി യുവാക്കളുടെ തൊഴിൽ പരമായ കഴിവ് വർദ്ധിപ്പിക്കുകയും അത് വഴി ഐ.ടി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം കേരള (SDP-K). |
| ബി) | ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | ബി) | ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു.<br>• സംസ്ഥാന ഐ.ടി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേരള ഐ.ടി എന്ന ഒറ്റ ബ്രാൻഡിൽ, ഗവൺമെന്റ് ഐ.ടി |

| | | | |
|---|---|---|---|
| | | | പാർക്കുകൾ ഏകീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.<br>• ലോകോത്തര ഐ.ടി സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനു വേണ്ടി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ ആദ്യത്തെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകളും വഴി പുതിയതായി വ്യവസായം ആരംഭിക്കുവാനായി ദേശീയവും അന്തർദേശീയവുമായ വിവിധ കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.<br>• അന്താരാഷ്ട്ര കമ്പനികളും ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശവുമനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സംയുക്തമായുള്ള പ്രവർത്തനങ്ങൾ, എയർബസ്സ്, സിസ്കോ, ഗൂഗിൾ തുടങ്ങിയ കമ്പനികളുടെ വിവിധ നൈപുണ്യ വികസന പരിപാടികൾ, സ്റ്റാർട്ട് അപ്പ്/ ഐ.ടി മിഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ വഴി നൂതന സാങ്കേതിക വിദ്യകൾ ആസ്പദമാക്കി പ്രവർത്തിക്കാൻ താൽപര്യപ്പെടുന്ന ഐ.ടി സംരംഭങ്ങൾക്ക് അനുയോജ്യമായ മാനവശേഷി റിസ്സോഴ്സസ് ലഭ്യമാക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നുണ്ട്.<br>• ഡിജിറ്റൽ സാങ്കേതികവിദ്യാ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ കൂടുതൽ വ്യവസായ സംരംഭങ്ങൾക്കായി ലോകോത്തര |

<table>
<tr>
<td></td>
<td></td>
<td></td>
<td>നിലവാരത്തിലുള്ള കൂടുതൽ പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി. അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>സി)</td>
<td>തിരുവനന്തപുരം ടെക്നോപാർക്കിലെ വികസനവും നിക്ഷേപങ്ങളും നിക്ഷേപ സാധ്യതകളും തൊഴിലവസരങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td>
<td>സി)</td>
<td>തിരുവനന്തപുരം ടെക്നോപാർക്കിലെ നിലവിലെ വികസനം, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ
<table>
<tr><th>അടിസ്ഥാന സൗകര്യങ്ങൾ</th><th>കമ്പനികൾ</th><th>നിക്ഷേപങ്ങൾ (ഏകദേശം)</th><th>തൊഴിലവസരങ്ങൾ (ഏകദേശം)</th></tr>
<tr><td>97 ലക്ഷം ച.അടി</td><td>400</td><td>5000 Cr</td><td>58,000</td></tr>
</table>
ടെക്നോപാർക്കിലെ വികസന പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന നിക്ഷേപ സാധ്യതകളും, തൊഴിലവസരങ്ങളും.
<table>
<tr><th>അടിസ്ഥാന സൗകര്യങ്ങൾ</th><th>കമ്പനികൾ</th><th>നിക്ഷേപങ്ങൾ (ഏകദേശം)</th><th>തൊഴിലവസരങ്ങൾ (ഏകദേശം)</th></tr>
<tr><td>62 ലക്ഷം ച.അടി</td><td>13</td><td>4000 Cr</td><td>50,000</td></tr>
</table>
</td>
</tr>
<tr>
<td>ഡി)</td>
<td>കൊച്ചി ഇൻഫോപാർക്കിന്റെ വികസനം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;</td>
<td>ഡി)</td>
<td>കൊച്ചി ഇൻഫോപാർക്കിലെ നിലവിലെ വികസനം, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ
<table>
<tr><th>അടിസ്ഥാന സൗകര്യങ്ങൾ</th><th>കമ്പനികൾ</th><th>നിക്ഷേപങ്ങൾ (ഏകദേശം)</th><th>തൊഴിലവസരങ്ങൾ (ഏകദേശം)</th></tr>
<tr><td>75 ലക്ഷം ച.അടി</td><td>30</td><td>3218 Cr</td><td>35,000</td></tr>
</table>
ഇൻഫോപാർക്കിലെ വികസന പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന നിക്ഷേപ സാധ്യതകളും,</td>
</tr>
</table>

<table>
<tr><td></td><td></td><td></td><td>തൊഴിലവസരങ്ങളും.
<table>
<tr><th>അടിസ്ഥാന സൗകര്യങ്ങൾ</th><th>കമ്പനികൾ</th><th>നിക്ഷേപങ്ങൾ (ഏകദേശം)</th><th>തൊഴിലവസരങ്ങൾ (ഏകദേശം)</th></tr>
<tr><td>23.83 ലക്ഷം ച.അടി</td><td>6</td><td>840 Cr</td><td>22,600</td></tr>
</table></td></tr>
<tr><td>ഇ)</td><td>കോഴിക്കോട് സൈബർ പാർക്കിന്റെ പുരോഗതിയും വികസനവും നിക്ഷേപ സാധ്യതകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?</td><td>ഇ)</td><td>സൈബർപാർക്ക് നിലവിലെ വികസനം നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ.
<table>
<tr><th>അടിസ്ഥാന സൗകര്യങ്ങൾ</th><th>കമ്പനികൾ</th><th>നിക്ഷേപങ്ങൾ (ഏകദേശം)</th><th>തൊഴിലവസരങ്ങൾ (ഏകദേശം)</th></tr>
<tr><td>3 ലക്ഷം ച.അടി</td><td>14</td><td>2 Cr</td><td>350</td></tr>
</table>
സൈബർപാർക്കിൽ 'സഹ്യ' കെട്ടിടത്തിന്റെ അപ്പർ ബേസ്മെന്റ് 50000 ചതുരശ്ര അടി സ്ഥലം കൂടി ഐ ടി ബിസിനസ്സ് സ്പെയിസ് ആക്കി മാറ്റുന്നുണ്ട്, ഇതിലൂടെ കൂടുതൽ കമ്പനികൾ തുടങ്ങാൻ ഉള്ള അവസരവും അതു വഴി 8 കോടിയുടെ നിക്ഷേപ സമാഹരണവും, 600 തൊഴിലവസരങ്ങളും ലഭ്യമാക്കാൻ കഴിയുന്നതാണ്.</td></tr>
</table>

(signature)

**സെക്ഷൻ ഓഫീസർ**